പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 841 — 28.09.2011- ലെ മറുപടി

## കായംകുളം - എറണാകുളം ദേശീയപാതയിൽ നിലവിലുള്ള യാത്രാക്ലേശം പരിഹരിക്കാൻ നടപടി

ചോദ്യം — ഉത്തരം

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും കഴിഞ്ഞ 2 വർഷമായി റദ്ദ് ചെയ്ത സർവ്വീസുകൾ എത്രയാണെന്നും അവ ഏതെല്ലാം ആണെന്നും വ്യക്തമാക്കുമോ; | (എ) | കായംകുളം യൂണിറ്റിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല. എന്നാൽ വരുമാനക്കുറവുള്ളതും ജനങ്ങൾക്ക് പ്രയോജനപ്രദമല്ലാത്തതുമായ ചില ട്രിപ്പുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | കായംകുളം-എറണാകുളം ദേശീയപാതയിൽ നിലവിലുള്ള യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് പുതിയ സർവ്വീസുകൾ ആരംഭിച്ച് യാത്രാ ക്ലേശം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കായംകുളം ഡിപ്പോയിൽ നിന്നും കഴിഞ്ഞ രണ്ട് വർഷത്തിനു ള്ളിൽ ആരംഭിച്ചിട്ടുള്ള പുതിയ സർവ്വീസുകൾ ഏതെല്ലാം ആണ് എന്ന് വ്യക്തമാക്കാമോ; | (സി) | <u>പുതുതായി ആരംഭിച്ച സർവ്വീസുകൾ</u><br>1. ആയിരംതെങ്ങ്-കരുനാഗപ്പള്ളി-4 എണ്ണം<br>2. അഴീക്കൽ - വലിയഴീക്കൽ -1 എണ്ണം<br>3. ചാരുംമൂട് - കൊട്ടാരക്കര -1 എണ്ണം<br>4. മുതുകുളം - ഹരിപ്പാട് - 2 എണ്ണം<br>പുറമെ നിലവിലുള്ള 2 സർവ്വീസുകൾ പുനക്രമീകരിച്ച് കൊച്ചിയുടെ ജെട്ടി വഴി ആലപ്പുഴ, വണ്ടാനം ആശുപത്രി എന്നീ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തി വരുന്നു. |
| (ഡി) | കായംകുളം കെ.എസ്.ആർ.ടി.സി. സ്റ്റേഷനിൽ നിന്നും കായംകുളം റെയിൽവേസ്റ്റേഷനിലേക്കുള്ള യാത്രാ ക്ലേശം പരിഹരിക്കുന്നതിന് പുതിയ സർവ്വീസുകൾ ആരംഭിയ്ക്കുമോ; | (ഡി) | കായംകുളം ബസ്സ് സ്റ്റേഷനിൽ നിന്നും 2.5 കിലോമീറ്റർ ദൂരമാണ് റയിൽവെ സ്റ്റേഷനിലേക്കുള്ളത്.<br>കായംകുളം-പുനലൂർ റോഡിൽ നിന്നും 500 മീറ്റർ ദൂരം മാത്രമേ റയിൽവെ സ്റ്റേഷനിലേക്കുള്ളൂ.<br>കായംകുളത്ത് നിന്നും |

| | | | |
|---|---|---|---|
| | | | പുനലൂരിലേക്കും പുനലൂരിൽ നിന്നും കായംകുളത്തേക്കും രാവിലെ 5.00 മണി മുതൽ 15 മിനിറ്റ് ഇടവിട്ട് ചെയിൻ സർവ്വീസ് നടത്തി വരുന്നുണ്ട്. ഈ സർവ്വീസുകൾ പ്രയോജനപ്പെടുത്തി യാത്രക്കാർക്ക് റയിൽവെ സ്റ്റേഷനിൽ നിന്നും 500 മീറ്റർ ദൂരം വരെ എത്തിപ്പെടാവുന്നതാണ്. കൂടാതെ മറ്റ് ഷെഡ്യൂളുകളുടെ ട്രിപ്പുകളും ഈ റൂട്ടിൽ കൂടി സർവ്വീസ് നടത്തി വരുന്നു. കായംകുളം RMS ൽ നിന്നും മെയിൽ എടുക്കുന്നതിനായി 5 സർവ്വീസുകളും അമൃതപുരിയിൽ നിന്നും റയിൽവെ സ്റ്റേഷനിലേക്കും, തിരിച്ചും ഒരു സർവ്വീസും നിലവിൽ റയിൽവെ സ്റ്റേഷനിലേക്ക് നടത്തി വരുന്നുണ്ട്. കെ.പി റോഡിൽ നിന്നും റയിൽവെ സ്റ്റേഷൻ വരെയുള്ള റോഡ് ഇടുങ്ങിയതും ഗതാഗതക്കുരുക്ക് ഏറിയതുമാണ്. എങ്കിലും ഷോർട്ട് വീൽ ബേസ്ഡ് ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതക്കനുസരിച്ച് റയിൽവെ സ്റ്റേഷനിലേക്ക് കൂടുതൽ സർവ്വീസുകൾ അയക്കുന്ന കാര്യം പരിശോധിക്കുന്നുണ്ട്. |
| (ഇ) | കായംകുളം റെയിൽവേ സ്റ്റേഷനിൽ പ്രീ-പെയ്ഡ് ആട്ടോ-ടാക്സി കൗണ്ടർ തുറക്കുന്നത് സംബന്ധിച്ച ആവശ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) യും (എഫ്) ഉം | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എഫ്) | എങ്കിൽ അതിനാവശ്യമായ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ